കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - എസ്.എസ്. എൽ.സി. പരീക്ഷാ 2005-ഗ്രേഡിംഗ് - ഡി, ഇ ഗ്രേഡ് ലഭിക്കുന്നവർക്ക് 'സേ' പരീക്ഷ ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്

ജി.ഒ. (ആർ.റ്റി) 4522/2004/പൊ.വി.വ. തിരുവനന്തപുരം, തീയതി. 16.10.2004

================================================================================

പരാമർശം :- 1. ജി.ഒ. (പി) 256/2002/പൊ.വി.വ. തീയതി. 31.8.2002
2. ജി.ഒ. (പി) 53/2004/പൊ.വി.വ. തീയതി. 4.2.2004
3. ജി.ഒ. (എം.എസ്) 52757/2004/നമ്പരിൽ 5.10.2004 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

2005ലെ എസ്.എസ്. എൽ.സി. പരീക്ഷയ്ക്ക് സൂചന ഒന്നും രണ്ടും മൂന്നും പ്രകാരം ഗ്രേഡിംഗ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 'ഡി', 'ഇ' ഗ്രേഡുകൾ ലഭിക്കുന്നവർക്ക് അദ്ധ്യയന വർഷം നഷ്ടപ്പെടാതെ ഫലം മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുമെന്ന് സൂചന രണ്ടിലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. അതിനാൽ 2005 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഡി, ഇ ഗ്രേഡ് ലഭക്കുന്നവർക്ക് 'സേവ് എ ഇയർ' പരീക്ഷയിലൂടെ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സൂചന 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെക്കാണുന്ന നിബന്ധനകൾക്ക് വിധേയമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ ഡി, ഇ ഗ്രേഡ് ലഭിക്കുന്നവർക്ക് സേ പരീക്ഷ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ മെച്ചപ്പെടുത്താൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

2. എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ 'സേ' പരീക്ഷയിലൂടെ മെച്ചപ്പെടുത്താൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. (ഐ.റ്റി. പരീക്ഷയിൽ ഇത് തിയറിക്ക് മാത്രമായിരിക്കും.)

3. പരമാവധി രണ്ട് വിഷയങ്ങൾക്ക് മാത്രമേ 'സേ' പരീക്ഷയിലൂടെ ഗ്രേഡുകൾ (ഡി, ഇ) മെച്ചപ്പെടുത്തുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

4. പരമാവധി രണ്ട് പേപ്പറുകൾക്ക് മാത്രം പരീക്ഷയിൽ ഹാജരാകാൻ സാധിക്കാതെ വന്ന വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സാജൻ പീറ്റർ
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓ ആന്റ് ഇ) / ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, പി.ആർ.ഡി തിരുവനന്തപുരം
സ്റ്റോക്ക ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ